# പതിനാലാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3957** **12/12/2018- ൽ മറുപടിയ്ക്ക്**

**പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നിതനെതിരെ ബോധവൽക്കരണം**

**ചോദ്യം**
**ശ്രീ. വി.അബ്ദുറഹിമാൻ**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പൊതുസ്ഥലങ്ങളിൽ മലിനജലം ഒഴുക്കി വിടുന്നതും മാലിന്യം വലിച്ചെറിയുന്നതും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | മേൽ സൂചിപ്പിച്ച ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതനായി ആരോഗ്യ വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | പൊതു സ്ഥലങ്ങളിൽ മലിനജലം ഒഴുക്കി വിടുന്നതുമൂലവും മാലിന്യം വലിച്ചെറിയുന്നതുമൂലവും ഉണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>• അന്വേഷണം നടത്തി നോട്ടീസ് നൽകുക<br>• റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് രാജ്/മുനിസിപ്പൽ ആക്ട് നിയമപ്രകാരം നടപടിയെടുക്കാനായി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുക.<br>• പൊതുജനാരോഗ്യ നിയമപ്രകാരം നിയമ നടപടികൾ സ്വീകരിക്കുക. |
| (സി) | ഇത്തരത്തിൽ പൊതുസ്ഥലങ്ങൾ മലിനമാക്കുന്നവർക്കെതിരെ മറ്റു വകുപ്പുകളുമായി സഹകരിച്ച് കൂടുതൽ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; | (സി) | വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് (തദ്ദേശസ്വയം ഭരണ വകുപ്പ്, നഗരകാര്യ വകുപ്പ്, പോലീസ് ഡിപ്പാർട്ട്മെന്റ്, മലിനീകരണ നിയന്ത്രണ ബോർഡ്) പൊതു സ്ഥലങ്ങൾ മലിനമാക്കുന്നവർക്കെതിരെ നിലവിലുള്ള നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | വ്യക്തിശുചിത്വം പോലെ പ്രധാനമാണ് പരിസര ശുചിത്വമെന്ന് ബോധ്യപ്പെടുത്തുന്നതിനായി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ കൂടുതൽ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (ഡി) | വിവിധ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തു തലത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേനയും നടത്തി വരുന്നു. സ്കൂളുകളിൽ പരിസര ശുചിത്വം പാലിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും സ്കൂൾ അസംബ്ലികളിൽ ഇത് സംബന്ധിച്ചുള്ള വിഷയാവതരണവും നടത്തുന്നുണ്ട്. കൂടാതെ പരിസര ശുചിത്വം പാലിക്കണമെന്ന് നിഷ്കർഷിക്കുന്ന ആരോഗ്യ സന്ദേശങ്ങൾ സമൂഹത്തിൽ എത്തിക്കാൻ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റി വഴിയും സംസ്ഥാന ജില്ലാതലത്തിൽ ആരോഗ്യ വകുപ്പിന്റെ മാസ് മീഡിയ വിഭാഗം വഴിയും പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ